ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി.1/5804/റ്റി.സി./2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 25-03-2013.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — അനാവശ്യമായി ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ് നിഷ്കർഷിയ്ക്കുന്നത് — സംബന്ധിച്ച്.

സൂചന :- ഇല്ല.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മുതലായ രേഖകൾ പുതുക്കുന്നതിനും, വിലാസം മാറ്റുന്നതിനും, ഉടമസ്ഥാവകാശം മാറ്റുന്നതിനും മറ്റും ഓഫീസിൽ ഹാജരാക്കുമ്പോൾ മുമ്പത്തെ ഓഫീസിൽ നിന്നും പർട്ടിക്കുലേഴ്സ് അവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിലുള്ള രേഖകൾ ഹാജരാക്കുകയും വെബ് സർവ്വീസ് വഴി രേഖകളുടെ ആധികാരികത ഉറപ്പവരുത്തുവാനുള്ള അവസരവും ഉണ്ടായിരിയ്ക്കേ മേൽപറഞ്ഞ തരത്തിൽ പർട്ടിക്കുലേഴ്സ് ആവശ്യപ്പെടുന്നത് തീർത്തും അനാവശ്യമാണ്. അപേക്ഷകൻ ഹാജരാക്കുന്ന രേഖകൾ സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ പർട്ടിക്കുലേഴ്സ് അവശ്യപ്പെടുന്നതിനു പകരം ഡാറ്റാബേസ് വഴി പരിശോധിയ്ക്കേണ്ടതാണ്. ഡാറ്റാബേസിലും ഇല്ലായെങ്കിൽ ഓഫീസ് തലവനു കൈമാറുകയും ലൈസൻസിന്റെ ആധികാരികതയിൽ സംശയം ഉണ്ടെങ്കിൽ മാത്രം അപേക്ഷ രേഖാമൂലം നിരസിക്കേണ്ടതുമാണ്. അവിശ്വസിക്കുവാൻ കാരണമില്ലെങ്കിൽ ലൈസൻസ് സംബന്ധിച്ച സേവനം നല്കേണ്ടതാണ്. കേരളത്തിലാകമാനമുള്ള ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടും അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ പൊതുജനങ്ങളെ ബുദ്ധിമുട്ടിയ്ക്കുന്നതിന് മാത്രമായി ലൈസൻസ് പർട്ടിക്കുലേഴ്സ് ആവശ്യപ്പെടുന്നതായി പരാതി ലഭിച്ചാൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നു കൂടി ഓർമിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട് 1/4/14

ജെ.എസ്.

26/4/15

മോട്ടോർ വാഹന വകുപ്പ്, കേരള